STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.81/PR/SPMC/PHQ/2025 Date: 28.04.2025

**ഡി.ജി.പി കെ.പത്മകുമാർ ബുധനാഴ്ച വിരമിക്കുന്നു**

ഡി.ജി.പി കെ. പത്മകുമാർ ബുധനാഴ്ച (ഏപ്രിൽ 30) സർവീസിൽ നിന്ന് വിരമിക്കും. നിലവിൽ ഫയർ ആന്റ് റെസ്ക്യു സർവീസിൽ ഡയറക്ടർ ജനറൽ ആയി സേവനമനുഷ്ടിക്കുന്ന കെ. പത്മകുമാർ 1989 ബാച്ച് ഐ.പി.എസ് ഓഫീസറാണ്.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ഒന്നാം റാങ്കോടെ എക്കണോമിക്സ് ബിരുദം നേടിയ ശേഷമാണ് കെ. പത്മകുമാർ സിവിൽ സർവീസിൽ പ്രവേശിച്ചത്. 1987 ൽ ആദ്യ ശ്രമത്തിൽ അദ്ദേഹം ഇന്ത്യൻ റെവന്യു സർവ്വീസിലേക്ക് (ഐ.ആർ.എസ്) തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഐ.ആർ.എസ് പരിശീലനകാലയളവിൽ അദ്ദേഹം വീണ്ടും സിവിൽ സർവീസ് പരീക്ഷയെഴുതുകയും ഇന്ത്യൻ പോലീസ് സർവ്വീസിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

എ.എസ്.പി ആയി ആദ്യം നിയമിതനായത് ആലപ്പുഴയിലാണ്. തുടർന്ന് എസ്.പി റാങ്കിലേക്ക് പ്രമോട്ട് ചെയ്യപ്പെടുകയും എസ്.എ.പി, എം.എസ്.പി കമാണ്ടന്റ്, കണ്ണൂർ, കാസറഗോഡ്, കോഴിക്കോട് റൂറൽ ജില്ലകളിൽ ജില്ലാ പോലീസ് മോധാവി, കോഴിക്കോട് സിറ്റി, തിരുവനന്തപരും സിറ്റി എന്നിവിടങ്ങളിൽ പോലീസ് കമ്മീഷണർ (എസ്.പി റാങ്ക്), സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ എസ്.പി, പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാൾ എന്നീ ചുമതലകളും വഹിച്ചു.

ഡി.ഐ.ജിയായി പോലീസ് ട്രെയിനിംഗ് കോളേജിൽ പരിശീലനവിഭാഗത്തിന്റെ ചുമതല, മോട്ടോർ വെഹിക്കിൾ വകുപ്പിൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, എറണാകുളം റെയ്ഞ്ച് ഡി.ഐ.ജി, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ (ഡി.ഐ.ജി റാങ്ക്) എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു.

ഐ.ജിയായി മനുഷ്യാവകാശ കമ്മീഷൻ, ക്രൈംബ്രാഞ്ച്, ഇന്റലിജൻസ്, തിരുവനന്തപുരം റെയ്ഞ്ച്, എറണാകുളം റെയ്ഞ്ച് എന്നീ നിലകളിലും അദ്ദേഹം സേവനം അനുഷ്ടിച്ചിട്ടുണ്ട്.

2014 ൽ എ.ഡി.ജി.പിയായി സ്ഥാനക്കയറ്റം ലഭിച്ച അദ്ദേഹം ദക്ഷിണമേഖലയുടെ ചുമതലയുള്ള എ.ഡി.ജി.പി, കെ.എസ്.ഇ.ബി ചീഫ് വിജിലൻസ് ഓഫീസർ, കേരള പോലീസ് അക്കാദമി ഡയറക്ടർ, ട്രാൻസ്പോർട്ട് കമ്മീഷണർ, സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ, തീരദേശ പോലീസ്, ആംഡ് പോലീസ് ബറ്റാലിയൻ, പോലീസ് ആസ്ഥാനം എന്നിവിടങ്ങളിൽ എ.ഡി.ജി.പിയായും സേവനം അനുഷ്ടിച്ചിട്ടുണ്ട്.

ഡി.ജി.പി റാങ്കിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച അദ്ദേഹം ആദ്യം ജയിൽ വകുപ്പിലാണ് നിയമിതനായത്. തുടർന്ന് 2023 ആഗസ്റ്റിൽ ഫയർ ആന്റ് റെസ്ക്യു സർവീസിൽ ഡയറക്ടർ ജനറൽ ആയി നിയമിതനായി.

ചിത്ര പത്മകുമാർ ആണ് ഭാര്യ. ഡോ. കല്യാണി പത്മകുമാർ, മാധവ് നാരായൺ കുമാർ എന്നിവരാണ് മക്കൾ.

***************************